## മധുരമായ കുട്ടികളെ – നരനിൽ നിന്ന് നാരായണനാകുന്നതിന് വേണ്ടി സമ്പൂർണ്ണ ബ്രാഹ്മണനാകൂ, സത്യമായ ബ്രാഹ്മണർ അവരാണ് ആരിലാണോ വികാരമാകുന്ന ഒരു ശത്രുവും ഇല്ലാത്തത്

**ചോദ്യം:–** ബാബയിൽ നിന്ന് ബഹുമാനം ഏത് കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്? വിവേകശാലി ആരാണ്?

**ഉത്തരം:–** ബാബയുടെ ബഹുമാനം അവർക്കാണ് ലഭിക്കുന്നത് ആരാണോ യജ്ഞത്തിന്റെ ഓരോ കാര്യവും ഉത്തരവാദിത്വത്തോടെ ചെയ്യുന്നത്. ഒരിക്കലും പിഴവ് വരുത്താത്തത്. പാവനമാക്കുന്നതിന്റെ ഉത്തരവാദിത്വം മനസ്സിലാക്കി ഈ സേവനത്തിൽ തത്പരരായി കഴിയുന്നത്. സ്വഭാവം വളരെ *റോയലായുള്ളത്*, ഒരിക്കലും പേര് മോശമാക്കാത്തവർ. *ആൾറൗണ്ടരായിരിക്കും*. വിവേകശാലി അവരാണ് ആരാണോ *ഫുൾ പാസ്സാകുന്നതിന്* പരിശ്രമിക്കുന്നത്. ഒരിക്കലും ദുഃഖദായി ആകാത്തത്. ഒരു വിപരീത കർമ്മവും ചെയ്യാത്തത്.

**ഗീതം:–** ഇന്നല്ലെങ്കിൽ നാളെ ഈ മേഘമൊഴിയും.........

**ഓം ശാന്തി.** കുട്ടികൾക്ക് ആരാണ് ഈ നിർദ്ദേശങ്ങൾ നൽകുന്നത്? പരിധിയില്ലാത്ത പിതാവ്, ആ ബാബയെ കുട്ടികൾ ഇത്രയും പിതാവ്രതയായി ഓർമ്മിക്കുന്നില്ല. ബാബ പറയുന്നു കുട്ടികളേ ഇപ്പോൾ വീട്ടിലേക്ക് പോകണം. കുട്ടികളേ എന്ന് ആരെയാണ് വിളിക്കുന്നത്? ആരാണോ ബ്രഹ്മാ മുഖ വംശാവലീ ബ്രാഹ്മണർ അവരെയാണ് ബാബ കുട്ടികളേ എന്ന് വിളിക്കുന്നത് എന്തുകൊണ്ടെന്നാൽ ബാബയുടെ സന്താനമായി മാറിയിരിക്കുകയാണ്. ബാബയിരുന്ന് മനസ്സിലാക്കി തരികയാണ് എപ്പോഴാണോ പുതിയ സൃഷ്ടി രചിക്കേണ്ടത് അപ്പോൾ പഴയ സൃഷ്ടിയിലെ ആത്മാക്കൾക്ക് വീട്ടിലേക്ക് പോകണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബയെയും ബാബയുടെ വീടിനെയും അറിയാം. ചിലർ ബാബയെ നല്ലരീതിയിൽ ഓർമ്മിക്കുന്നുണ്ട് എന്നത് തീർത്തും ശരിയായ കാര്യമാണ്. ശ്രീമതത്തിലൂടെ നടക്കുന്നുണ്ട്, ചിലർ ദേഹ–അഭിമാനം കാരണം ഓർമ്മിക്കുന്നില്ല. പാവനമായി കഴിയുന്നില്ല. ബ്രാഹ്മണർ ഈശ്വരീയ സന്താനങ്ങളാണ്, ബ്രഹ്മാ മുഖ വംശാവലിയാണ്. രചയിതാവായ പിതാവെന്ന് പാടാറില്ലേ. ബ്രഹ്മാ മുഖ കമലത്തിലൂടെ സന്താനങ്ങളെ രചിക്കുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ തീർത്തും ഈശ്വരീയ സന്താനമാണ് ബ്രഹ്മാവിന്റെ മുഖ വംശാവലീ ബ്രാഹ്മണരായിരിക്കുകയാണ്. ബ്രാഹ്മണനെന്ന് അവരെയാണ് പറയുന്നത് ആരാണോ പവിത്രമായി കഴിയുന്നത്. മുഴുവൻ ആധാരവും തന്നെ പവിത്രതയിലാണ്. ഇതിനെ പറയുന്നത് അപവിത്ര പതിത ലോകം എന്നാണ്. മുഴുവൻ മനുഷ്യരും തന്നെ പതിതരാണ്, അവർ പാവനം എന്നതിന്റെ അർത്ഥം പോലും മനസ്സിലാക്കുന്നില്ല. കലിയുഗം പതിതലോകമാണ്, സത്യയുഗം പാവന ലോകമാണ് – ഇതാരും തന്നെ അറിയുന്നില്ല. ചിലരാണെങ്കിൽ പറയുന്നത് തന്നെ സത്യ ത്രേതായുഗത്തിലും മനുഷ്യർ പതിതരാണ് എന്നാണ്. സീതയെ കട്ടുകൊണ്ട് പോയി.... ഇതെല്ലാം പാവന ലോകത്തിന്റെ ഗ്ലാനി ചെയ്യലാണ്. ഏതുപോലെയാണോ ദൃഷ്ടി, അതുപോലെയായിരിക്കും സൃഷ്ടി കാണപ്പെടുന്നത്. പാവന ലോകത്തിലും പതിതരുണ്ടെങ്കിൽ എന്താ ബാബ പതിത ലോകമാണോ രചിച്ചത്? ബാബ പാവന ലോകം മാത്രമാണ് സ്ഥാപിക്കുന്നത്. പതിത–പാവനാ വരൂ എന്ന് പാടിയിട്ടുമുണ്ട്, വന്ന് ഈ സൃഷ്ടിയെ, അതിൽ തന്നെ വിശേഷിച്ചും ഭാരതത്തെ പാവനമാക്കൂ. ഇപ്പോൾ ഈ ബ്രഹ്മാകുമാരൻ–കുമാരിയെന്ന പേര് തന്നെ അവർക്കാണ് നൽകുന്നത് ആരാണോ പാവനമായി കഴിയുന്നത്. പതിതരെ ബ്രാഹ്മണൻ, ബ്രാഹ്മണി എന്നോ അഥവാ ബി. കെ. എന്നോ പറയാൻ സാധിക്കില്ല. അവർ ശാരീരിക വംശാവലികളാണ്. നിങ്ങൾ ബ്രാഹ്മണർ ബ്രഹ്മാ മുഖ വംശാവലികളാണ്. ബ്രാഹ്മാ കുഖവംശാവലിയെന്ന് പറയില്ല. അവർ പതിതരാണ്. ഇപ്പോൾ നിങ്ങൾ ഈശ്വരീയ സന്താനമായിരിക്കുന്നത് തന്നെ പാവന ലോകത്തിന്റെ അധികാരിയാകുന്നതിന് വേണ്ടിയാണ്. ബ്രാഹ്മണൻ ബ്രാഹ്മണി അഥവാ ബ്രഹ്മാകുമാരനും കുമാരിയെന്നും പറഞ്ഞ് അഥവാ വികാരത്തിലേക്ക് പോകുകയാണെങ്കിൽ അവർ ബി. കെ. അല്ല. ബ്രാഹ്മണൻ ഒരിക്കലും വികാരത്തിലേക്ക് പോകില്ല. വികാരത്തിലേക്ക് പോകുന്നവരെ ശൂദ്രനെന്നാണ് പറയുക. ഈശ്വരന്റെ സന്താനമാകുന്നത് തന്നെ ഈശ്വരനിൽ നിന്ന് രാജ്യഭാഗ്യം നേടുന്നതിന് വേണ്ടിയാണ്. രാജധാനിയുടെ സമ്പത്ത് നേടുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യണം. നരനിൽ നിന്ന് നാരായണനാകുന്നതിനുള്ള ലക്ഷ്യം വെയ്ക്കണം.

നിങ്ങൾ കുട്ടികൾക്കറിയാം *നമ്പർവൺ* കാമമാണ്. *സെക്കന്റ് നമ്പറിലുള്ളത്* ക്രോധമാണ്. ക്രോധം മുതലായവയുടെ ഭൂതം അവശേഷിക്കുകയാണെങ്കിൽ അവർ പൂർണ്ണമായ സമ്പത്തിന് യോഗ്യരാകില്ല. പറയാ

റുണ്ട് ഇവർ കാമത്തിന്റെ അല്ലെങ്കിൽ ക്രോധത്തിന്റെ ഭൂതത്തിന് വശപ്പെട്ട് പരവശരായിരിക്കുന്നു. ബാബയെ ഓർമ്മിക്കാത്തത് കാരണം രാവണന് വശപ്പെടുന്നു. ഇങ്ങനെയുള്ള ക്രോധിക്കോ കാമിക്കോ നരനിൽ നിന്ന് നാരായണ പദവി നേടാൻ സാധിക്കില്ല. ഇവിടെ വേണ്ടത് *പെർഫക്റ്റ്* ബ്രാഹ്മണനെയാണ്. ബാബ മനസ്സിലാക്കി തരുന്നു ആദ്യം വരുന്ന ഭൂതം ദേഹ-അഭിമാനത്തിന്റേതാണ്. അഥവാ ദേഹീ-അഭിമാനിയായി ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ ബാബ സഹായിക്കുകയും ചെയ്യും. ആര് എത്രത്തോളം ഓർമ്മിക്കുന്നോ അത്രയും അവർക്ക് സഹായം ലഭിക്കുന്നു. സത്യമായ ബ്രാഹ്മണർ അവരാണ് അവരിൽ ഈ വികാരമാകുന്ന ശത്രു ഉണ്ടായിരിക്കില്ല. മുഖ്യമായ ദേഹ-അഭിമാനം കാരണത്താൽ തന്നെയാണ് മറ്റ് ഓരോരോ ശത്രുക്കളും വരുന്നത്. ഈ ഭാരതം ശിവാലയമായിരുന്നു അപ്പോൾ ദുഃഖത്തിന്റെ യാതൊരു കാര്യവും ഉണ്ടായിരുന്നില്ല. ഇത് മനുഷ്യർക്കറിയില്ല. അവർ പറയുന്നത് മായയും സദാ ഉണ്ട്, ഈശ്വരനും സദാ ഉണ്ട് എന്നാണ്. നോക്കൂ, ഈശ്വരൻ തന്റെ സമയത്താണ് വരുന്നത്, മായ തന്റെ സമയത്താണ് വരുന്നത്. അരകൽപം ഈശ്വരീയ രാജ്യമാണ്, അരകൽപം മായയുടെ രാജ്യമാണ്. ഈ അറിവ് ശാസ്ത്രത്തിലില്ല. അത് ഭക്തിമാർഗ്ഗമാണ്. ജ്ഞാനത്തിന്റെ സാഗരൻ ഒരേഒരു ബാബയാണ് ആ ബാബയെയാണ് പതിത-പാവനനെന്ന് പറയുന്നത്. ആരാണോ ബാബയെ ഓർമ്മിക്കാത്തത് അവരിൽ നിന്ന് പതിതമായ കർമ്മം തീർച്ചയായും ഉണ്ടായിക്കൊണ്ടേയിരിക്കും. അവരെ ബ്രാഹ്മണനെന്നോ ബ്രാഹ്മണിയെന്നോ പറയാൻ സാധിക്കില്ല. വളരെ സൂക്ഷ്മമായ കാര്യങ്ങളാണ്. ശിവബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ സമ്പത്ത് എവിടെ നിന്ന് ലഭിക്കും. അവർക്ക് പിന്നീട് ഈ പഴയ ലോകത്തിലെ മിത്ര-സംബന്ധി മുതലായവരെ ഓർമ്മവരുന്നു. നല്ല രീതിയിൽ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ബാബയും സഹായം നൽകും. മുരളി കേൾപ്പിക്കുന്നതിൽ നിങ്ങൾ എവിടെയെങ്കിലും ആശയക്കുഴപ്പത്തിൽ വരികയാണെങ്കിൽ ശിവബാബ വന്ന് പ്രവേശിച്ച് മുരളി പറയും. ശിവബാബ വന്ന് സഹായിക്കുകയാണെന്ന് കുട്ടികൾക്ക് അറിയാൻ സാധിക്കില്ല. ഞാനിന്ന് വളരെ നന്നായി മുരളി മനസ്സിലാക്കി കൊടുത്തു എന്ന് കരുതും. ശരി, ഇന്ന് വളരെ നന്നായി കേൾപ്പിച്ചു, ഇന്നലെ എന്തുകൊണ്ട് കേൾപ്പിച്ചില്ല. നിങ്ങൾക്കിത് അറിയാൻ സാധിക്കില്ല - ശിവബാബയാണോ സംസാരിക്കുന്നത് അതോ ബ്രഹ്മാവാണോ സംസാരിക്കുന്നത്! ശിവബാബ പറയുന്നു - കുട്ടികളേ, നിങ്ങൾ എന്റെ ഈശ്വരീയ സന്താനങ്ങളാണ്, എന്നെ ഓർമ്മിക്കൂ. ഇങ്ങനെ മറ്റാർക്കും പറയാൻ സാധിക്കില്ല. എനിക്ക് മാത്രമാണ് ഇദ്ദേഹത്തിൽ പ്രവേശിക്കാൻ സാധിക്കുന്നത്. ഞാൻ ജ്ഞാനത്തിന്റെ സാഗരനല്ലേ. നിങ്ങൾ ജ്ഞാനി തു ആത്മാക്കളായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ആരാണോ ബാബയോട് യോഗം വയ്ക്കുന്നത് അവരെ ബാബയും വന്ന് സഹായിക്കുന്നു. ദേഹ-അഭിമാനി ഓർമ്മിക്കുകയില്ല. ബാബയെ തീർച്ചയായും ഓർമ്മിക്കണം. അഹങ്കാരം വരരുത് - ഞാൻ നന്നായി മുരളി നടത്തി. പാടില്ല, ശിവബാബ വന്ന് മുരളി കേൾപ്പിച്ചു എന്ന് മനസ്സിലാക്കണം. ഓരോ നിമിഷവും ശിവബാബയെ ഓർമ്മിക്കണം. പൂർണ്ണമായും ഓർമ്മിക്കാത്ത ധാരാളം കുട്ടികളുണ്ട് അതുകൊണ്ട് കർമ്മഭോഗും ഇല്ലാതാകുന്നില്ല. രോഗങ്ങൾ വരുന്നു. വികർമ്മം വിനാശമാകുന്നില്ല.

കുട്ടികൾക്ക് ബാബയോടൊപ്പം യോഗം വെയ്ക്കണം. നമ്മൾ രാജയോഗികളാണ്. ബാബയിൽ നിന്ന് രാജപദവി നേടണം. നമ്മൾ നരനിൽ നിന്ന് നാരായണനാകും. ഉള്ളിൽ ഉണ്ടായിരിക്കണം ഞാൻ ഇത്രയും പഠിക്കും അതിലൂടെ സൂര്യവംശിയിലേക്ക് പോകും. ആദ്യം ദാസ-ദാസിയായി പിന്നീട് രാജപദവി നേടുക, അങ്ങനെയാകരുത്. ബാബയെ ഓർമ്മിക്കുന്നതിലൂടെ ബാബയുടെ സഹായം ലഭിക്കും. അല്ലെങ്കിൽ എന്തെങ്കിലുമെല്ലാം പാപം, നഷ്ടം മുതലായവ ഉണ്ടാകുന്നു. അവർ ദുഃഖദായികളാകുന്നു. ലക്ഷ്മീ-നാരായണൻ സുഖദായികളല്ലേ. വിവേകശാലി കുട്ടികൾ പൂർണ്ണമായും വിജയിക്കുന്നതിനുള്ള പരിശ്രമം നടത്തും. എന്തുകിട്ടിയോ ശരി, അങ്ങനെയാകരുത്. ഓരോ കാര്യത്തിലും *ആൾറൗണ്ട്* പുരുഷാർത്ഥം ചെയ്യണം. ഈ ജോലി അവരുടേതാണ് ഞാനെന്തിന് ചെയ്യണം, അങ്ങനെയാകരുത്, ബാബ *ഓൾറൗണ്ട്* ജോലി ചെയ്യുന്നില്ലേ. കുട്ടികളുടെ പെരുമാറ്റം ശരിയല്ലെങ്കിൽ പിന്നീട് പേര് മോശമാക്കുന്നു. ബാബ പറയുന്നു എന്റേതായി പിന്നീട് വീണ്ടും തെറ്റായ കർമ്മം ചെയ്യുകയാണെങ്കിൽ പദവി ഭ്രഷ്ടമാകുന്നു. ഈ ബ്രഹ്മാ ബാബയാണ് നിർദ്ദേശം തരുന്നതെന്ന് കരുതരുത്. ശിവബാബയെ ഓർമ്മയുണ്ടായിരിക്കണം.

ലോകത്തെ പാവനമാക്കുന്നതിനുള്ള ഉത്തരവാദിത്വം തലയിലുണ്ടെന്ന് കുട്ടികൾക്ക് മനസ്സിലാക്കണം. നമ്മൾ ഉത്തരവാദികളാണ്. ഭാരതത്തെ പാവനമാക്കുന്നതിന്റെ വളരെ വലിയ ഉത്തരവാദിത്വമുണ്ട്. യജ്ഞത്തിന്റെ ഓരോ കാര്യവും ഉത്തരവാദിത്വത്തോടെ ചെയ്യണം. യാതൊരു തെറ്റും ഉണ്ടാകരുത് അപ്പോൾ ബാബയും ആദരവ് നൽകും. അല്ലെങ്കിൽ ധർമ്മരാജൻ ഇങ്ങനെയുള്ള ശിക്ഷ നൽകും അത് നിങ്ങൾ ജയിലിൽ പോലും അനുഭവിച്ചിട്ടുണ്ടായിരിക്കില്ല അതുകൊണ്ട് ബാബ പറയുന്നു വിനാശമുണ്ടാകുന്നതിന് മുൻപേ എല്ലാ വികർമ്മങ്ങളും യോഗത്തിലൂടെ ഭസ്മമാക്കൂ. അല്ലെങ്കിൽ ജന്മ-ജന്മാന്തരത്തെ വികർമ്മങ്ങളുടെ ശിക്ഷ ധർമ്മരാജപുരിയിൽ വളരെയധികം അനുഭവിക്കേണ്ടിവരും അതുകൊണ്ട് തെറ്റ് വരുത്തരുത്.

ഇത് അന്തിമ ജന്മമാണ്. ശേഷം പേകുന്നത് സ്വർഗ്ഗത്തിലേക്കാണ്. ശിക്ഷയനുഭവിച്ച് പിന്നീട് പ്രജാ പദവി നേടുക അതിനെ പുരുഷാർത്ഥമെന്ന് പറയില്ല. ആ സമയം അയ്യോ-അയ്യോ എന്ന് നിലവിളിക്കേണ്ടി വരും. ബാബ പല പ്രാവശ്യം മനസ്സിലാക്കി തന്നിട്ടുണ്ടായിരുന്നു എന്നുള്ളത് സാക്ഷാത്ക്കാരവും ചെയ്യിക്കും, ബ്രാഹ്മണനാകുക എന്നത് ചെറിയമ്മയുടെ വീട്ടിൽ പോകലല്ല. ഈശ്വരന്റെ കുട്ടിയാകുകയാണെങ്കിൽ പിന്നീട് ഒരു വികാരവും ഉണ്ടായിരിക്കരുത്. ഇതിൽ തന്നെ കാമമാണ് മഹാശത്രു. ആരാണോ കാമത്തിന് വശപ്പെടുന്നത് അവരെ ബ്രാഹ്മണനെന്ന് പറയാൻ സാധിക്കില്ല. മായ വളരെയധികം ബുദ്ധിമുട്ടിക്കും എന്നാൽ കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു വികർമ്മവും ചെയ്യരുത്. അമിതമായ അടുപ്പത്തിന്റെ നേർത്ത ലഹരിയും – മായയുടെ ലഹരി തന്നെയാണ്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് ഇതിലൂടെയും ഭാരം വരും. നിങ്ങൾ വ്യഭിചാരിയായി. ഈശ്വരീയ സന്താനത്തിൽ ഈ കാമ-ക്രോധം മുതലായ ചെകുത്താൻമാർ ഉണ്ടായിരിക്കില്ല. ഈ പൈശാചികത്വം ആസുരീയ ഗുണമാണ്. ഈശ്വരന്റേതായിട്ട് പിന്നീട് മായയുടേതാകുന്ന ധാരാളം പേരുണ്ട്. ദേഹ-അഭിമാനത്തിലേക്ക് വരുന്നു. ബാബയുടെ ശ്രീമതത്തിലൂടെ നടക്കണം അപ്പോൾ ഉത്തരവാദിത്വം ബാബയ്ക്കായിരിക്കും. ബ്രഹ്മാവിന്റെ മതത്തെക്കുറിച്ചും മഹിമ പാടിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മതത്തിലൂടെ നടന്നാലും ഉത്തരവാദിത്വം ബാബയ്ക്കായിരിക്കും. എങ്കിൽ എന്തുകൊണ്ട് തന്നിൽ നിന്ന് ഉത്തരവാദിത്വം ഇറക്കിവെച്ചുകൂടാ. ബാപ്-ദാദ, രണ്ട് പേരുടെയും മതം പ്രസിദ്ധമാണ്. മാതാവിന്റെ നിർദ്ദേശത്തിലൂടെയും നടക്കണം എന്തുകൊണ്ടെന്നാൽ മാതാവാണ് ഗുരുവാകുന്നത്. ലൗകിക മാതാ-പിതാവ് വേറെ കാര്യം. ഈ സമയം മാതാവിനെ ഗുരുവാക്കുന്നതിന്റെ രീതിയാണ് നടക്കുന്നത്.

നിങ്ങൾ ശിവാലയത്തിന് വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. സത്യയുഗത്തെയാണ് ശിവാലയം എന്ന് പറയുന്നത്. പരമാത്മാവിന്റെ ശരിയായ പേര് ശിവൻ എന്നാണ്. ശിവജയന്തി തന്നെയാണ് പാടപ്പെട്ടിട്ടുള്ളത്. ശിവനെ മംഗളകാരിയെന്ന് പറയുന്നു, ശിവൻ ബിന്ദുവാണ്. പരംപിതാ പരമാത്മാവിന്റെ രൂപം തന്നെ *സ്റ്റാറാണ്*. സ്വർണ്ണത്തിന്റെ അല്ലെങ്കിൽ വെള്ളിയുടെ നക്ഷത്രമുണ്ടാക്കി തിലകവും ചാർത്താറുണ്ട്. വാസ്തവത്തിൽ അത് കൃത്യമായും ശരിയാണ് അതുപോലെ നക്ഷത്രം ഇരിക്കുന്നതും ഭൃകുടിയിലാണ്. എന്നാൽ മനുഷ്യർക്ക് ജ്ഞാനമില്ല. ചിലർ പിന്നീട് ത്രിശൂലം കാണിക്കാറുണ്ട്. ത്രിനേത്രി, ത്രികാലദർശിയുടെ അഥവാ ദിവ്യ ദൃഷ്ടി, ദിവ്യ ബുദ്ധിയുടെ അടയാളം നൽകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഈ കാര്യങ്ങളുടെ ജ്ഞാനമുണ്ട്. നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ *സ്റ്റാറിടാം*. തന്റെ അടയാളം വെളുത്ത നക്ഷത്രമാണ്. ആത്മാവിന്റെ രൂപവും ഇതുപോലെ നക്ഷത്ര സദൃശമാണ്. ബാബ എല്ലാ രഹസ്യങ്ങളും മനസ്സിലാക്കി തരുന്നു. ജാഗരൂകരാക്കുകയും നൽകുന്നു. ബി. കെ. പാപത്തിന്റെ കർമ്മം ഒരിക്കലും ചെയ്യില്ല എന്ന് പ്രതിജ്ഞ ചെയ്തിട്ടുണ്ട്. ഇത് ഓർമ്മ വയ്ക്കണം. ആരുടെയും ഹൃദയത്തെ ദുഃഖിപ്പിക്കരുത്. അഥവാ ദുഃഖിപ്പിക്കുകയാണെങ്കിൽ ശിവബാബയുടെ കുട്ടിയല്ല. ശിവബാബ വരുന്നത് തന്നെ സുഖം നൽകുന്നതിനാണ്. അവിടെ ഏതുപോലെയാണോ രാജാവും റാണിയും അതുപോലെ തന്നെയാണ് പ്രജകളും – എല്ലാവരും പരസ്പരം സുഖം നൽകുന്നു. ഇവിടെ എല്ലാവരും കറുത്തവരായിരിക്കുന്നു, കാമവികാരത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത് തന്നെയാണ് പരസ്പരം ദുഃഖം നൽകുന്ന ലോകം. സത്യയുഗമാണ് പരസ്പരം സുഖം നൽകുന്ന ലോകം. നമ്മൾ ഈശ്വരീയ സന്താനങ്ങളായിരിക്കുകയാണെന്ന് മനസ്സിലാക്കി കൊടുക്കണം. നമ്മൾ ഒരു പാപവും ചെയ്യുന്നില്ല. അല്ലെങ്കിൽ പുണ്യാത്മാക്കളുടെ ലോകത്തിൽ ഇത്രയും ഉയർന്ന പദവി നേടാൻ സാധിക്കില്ല. ഓരോരുത്തരുടെയും നാഡിയിലൂടെ അറിയാൻ സാധിക്കും ഇവർ നമ്മുടെ കുലത്തിലേതാണോ അല്ലയോ എന്ന്.

നമ്മൾ പറയാറുണ്ട് ഭഗവാനുവാചയാണ് ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു, മഹിമയും പാടിയിട്ടുണ്ട്. ഭഗവാനെന്ന് ഒരു നിരാകാരനെയാണ് പറയുന്നത്. എങ്കിൽ എപ്പോൾ വന്ന് രാജയോഗം പഠിപ്പിക്കും? തീർച്ചയായും എപ്പോഴാണോ പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുന്നത്. പുതിയ ലോകത്തിന് വേണ്ടി തീർച്ചയായും പഴയ ലോകത്തിലാണ് വരേണ്ടത്. ഭഗവാനുവാചാ – ഞാൻ നിങ്ങളെ രാജാക്കൻമാരുടെയും രാജാവാക്കുന്നു. പറയൂ എപ്പോഴാണ് വന്നത്, അത് ആരായിരുന്നു ഇനി എപ്പോൾ വരും? തീർച്ചയായും സത്യയുഗത്തിലേക്ക് വേണ്ടി തന്നെയാണ് പഠിപ്പിക്കുക. വളരെ സഹജമാണ്. എന്നാൽ ഭാഗ്യത്തിലില്ലെങ്കിൽ ബുദ്ധിയിൽ ഇരിക്കുകയില്ല. ചൂടു ചട്ടിപോലെയായിരിക്കും. അപ്പോൾ മനസ്സിലാക്കണം ഇത് നമ്മുടെ സൂര്യവംശീ, ചന്ദ്രവംശീ രാജധാനിയുടേതല്ല ബാക്കി പ്രജകൾ ധാരാളം ഉണ്ടാകുക തന്നെ വേണം. ശരി!

മധുര-മധുരമായ നഷ്ടപ്പെട്ട് തിരികെ ലഭിച്ച് അയ്യായിരം വർഷങ്ങൾക്ക് ശേഷം സമ്പത്തെടുക്കുന്നതിനായി ബാബയുമായി കണ്ട് മുട്ടിയിരിക്കുന്നു, ഇങ്ങനെയുള്ള കുട്ടികൾക്ക് മാതാ-പിതാവായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ആരുടെയും മനസ്സിനെ ഒരിക്കലും ദുഃഖിപ്പിക്കരുത്. ഒരിക്കലും ഒരു പാപകർമ്മവും ചെയ്യില്ല സദാ സുഖദായിയാകും എന്ന് പ്രതിജ്ഞ ചെയ്യണം.

2) കർമ്മേന്ദ്രിയങ്ങളിലൂടെ ഒരു തെറ്റായ കർമ്മവും ചെയ്യരുത്. ബാബയുടെയും ദാദയുടെയും മതത്തിലൂടെ നടന്ന് തന്റെ ഭാരമിറക്കണം.

## വരദാനം:- അമൃതവേള മുതൽ രാത്രി വരെ മര്യാദാപൂർവ്വം നടക്കുന്നവരായ മര്യാദാ പുരുഷോത്തമരായി ഭവിക്കട്ടെ.

സംഗമയുഗത്തിലെ മര്യാദകൾ തന്നെയാണ് പുരുഷോത്തമരാക്കി മാറ്റുന്നത്, അതിനാൽ മര്യാദാ പുരുഷോത്തമരെന്ന് പറയപ്പെടുന്നു. തമോഗുണീ വായുമണ്ഡലം, വൈബ്രേഷൻ എന്നിവയിൽ നിന്ന് രക്ഷ നേടുന്നതിനുള്ള സഹജമായ മാർഗ്ഗമാണ് ഈ മര്യാദകൾ. മര്യാദകൾക്കുള്ളിലിരിക്കുന്നവർ പ്രയത്നത്തിൽ നിന്ന് രക്ഷപ്പെടുന്നു. ഓരോ ചുവടിനും ബാപ്ദാദ മുഖേന മര്യാദകൾ ലഭിച്ചിട്ടുണ്ട്, അതിൻപ്രകാരം ചുവടുകൾ വെക്കുന്നതിലൂടെ സ്വതവേ തന്നെ മര്യാദാ പുരുഷോത്തരായി മാറുന്നു. അതിനാൽ അമൃതവേള മുതൽ രാത്രി വരെ മര്യാദാപൂർവ്വമായ ജീവിതമായിരിക്കണം, അപ്പോൾ പറയാം പുരുഷോത്തമർ അതായത് സാധാരണ പുരുഷരെക്കാൾ ഉത്തമരായ ആത്മാക്കൾ.

## സ്ലോഗൻ:- ആരാണോ ഏത് കാര്യത്തിലും സ്വയത്തെ രൂപപ്പെടുത്തുന്നത് അവർ തന്നെയാണ് സർവ്വരുടെയും ആശീർവ്വാദങ്ങൾക്ക് പാത്രമാകുന്നത്.